# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി2/33385/2013.

ചാക്ക, തിരുവനന്തപുരം
തീയതി: 25.07.14

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ആഗസ്റ്റ് 2014 രണ്ട് വർഷത്തെ കോഴ്സ് (റഗുലർ)(പഴയ സമ്പ്രദായം)- അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

*****************

സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ.കളിൽ 2012 ആഗസ്റ്റ് മാസം അഡ്മിഷൻ നേടിയ രണ്ടു വർഷ കോഴ്സിലെ ട്രെയിനികളിൽ നിന്നും എസ്.സി.വി.ടി ട്രേഡ് ടെസ്റ്റിന് യോഗ്യത നേടിയ പരിശീലനാർത്ഥികളിൽ നിന്നും 2014 ആഗസ്റ്റ് മാസം നടത്തുന്ന എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റിന് നിശ്ചിത ഫോറത്തിൽ ക്ഷണിക്കുന്നു.

എസ്.സി.വി.റ്റി. നടത്തുന്ന ട്രേഡുകളിൽ കോഴ്സ് പൂർത്തിയാക്കിയ ട്രെയിനികൾ, ബി.റ്റി.സി. എന്നിവയിൽ കോഴ്സ് പൂർത്തിയാക്കിയവർ, എഫ്.എ.സി.റ്റി യിൽ നിന്നും ഫയർ ആന്റ് സേഫ്റ്റി കോഴ്സ് പൂർത്തിയാക്കിയവർ എന്നീ വിഭാഗങ്ങളിൽ നിന്നും 100/- രൂപ ഫീസിനത്തിൽ ''0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്'' എന്ന ശീർഷകത്തിൽ 05.08.2014 നകം സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കേണ്ടതും അസ്സൽ ചെലാൻ സഹിതമുള്ള പൂരിപ്പിച്ച അപേക്ഷ അന്നേ ദിവസം വൈകുന്നേരം 4മണിക്ക് മുൻപായി പഠിച്ച സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതുമാണ്. ടൈപ്പ് ചെയ്ത അപേക്ഷഫോറം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. (മാതൃക ഇതോടൊപ്പം ചേർക്കുന്നു.) അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി.യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യണം. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുകയോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുന്നതോ അല്ല. പരീക്ഷാകേന്ദ്രം ഒരു കാരണവശാലും മാറ്റാൻ അനുവദിക്കില്ല. നിശ്ചിത തീയതിക്കകം ലഭിക്കാത്തതും, അപൂർണ്ണമായതും, അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതും ചെലാന്റെ അസൽ ഇല്ലാത്തതുമായ അപേക്ഷകൾ നിരുപാധികം സ്ഥാപന മേധാവികൾ നിരസിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപന മേധാവി പരിശോധിച്ച് അർഹത ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്തണം. അർഹതപ്പെട്ട ട്രെയിനികളുടെ ലിസ്റ്റിന്റെ മൂന്ന് പകർപ്പും, ഫോട്ടോ പതിപ്പിച്ച ഹാൾടിക്കറ്റും തയ്യാറാക്കി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം 11.08.2014 ന് വൈകുന്നേരം 4 മണിക്ക് മുമ്പായി ഡയറക്ടറേറ്റിൽ എത്തിക്കണം. നിശ്ചിത തീയതിക്കു ശേഷം 21.08.2014 തീയതി വരെ 50/- രൂപ ഫൈനോടു കൂടി അപേക്ഷകൾ സ്വീകരിക്കുന്നതായിരിക്കും. ടി അപേക്ഷകൾ 27.08.2014 തീയതിയ്ക്കകം ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. ഒരു ട്രെയിനിക്ക് ആദ്യത്തെ അവസരം മുതൽ തുടർച്ചയായി മൂന്ന് വർഷത്തിനുള്ളിൽ ആറ് അവസരങ്ങൾ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. അത് പ്രിൻസിപ്പാൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അപേക്ഷയിലെ പരിശോധനാ റിപ്പോർട്ട് ഒപ്പു വയ്ക്കേണ്ടതുമാണ്.

പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100/- രൂപ മുൻകൂർ ജാമ്യനിക്ഷേപമായി സ്ഥാപന മേധാവിയെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനു ശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്തപക്ഷം ടി തുക മടക്കി നൽകുന്നതാണ്.

ഹാൾടിക്കറ്റ് ലഭിച്ചതിനു ശേഷം ബന്ധപ്പെട്ട സർക്കാർ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഓരോ ട്രേഡിനും ആവശ്യമായിട്ടുള്ള ബി.ഫോം കുറ്റമറ്റ രീതിയിൽ തയ്യാറാക്കി ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്.

(ഒപ്പ്)
**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

ഉള്ളടക്കം : മാതൃകാ അപേക്ഷാ ഫോറം.

പകർപ്പ്:-ബന്ധപ്പെട്ട എല്ലാ ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്കും/
ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും/ജെ.ഡി.റ്റി. കണ്ണൂർ /
എ.വി.റ്റി.എസ്. പ്രിൻസിപ്പാൾ/ചീഫ് മാനേജർ ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ്
എഫ്.എ.സി.റ്റി.ആലുവ/ഡി.ഡി.റ്റി/റ്റി.റ്റി.ഒ/സംഭരണ ഫയൽ (ജി2)

//ഉത്തരവിൻ പ്രകാരം//

ട്രേഡ് ടെസ്റ്റ് ഓഫീസർ

എ-19.7.14

## APPLICATION FOR SCVT TRADE TEST
## AUGUST 2014 REGULAR CANDIDATE

1. Name of the applicant (IN BLOCK LETTERS) (as in SSLC Book) :

2. Full address :

3. Name of Father/guardian (IN BLOCK LETTERS) (as in SSLC Book)

4. Date of Birth (as in SSLC Book) :

5. Name of ITI/Private ITI where the trainee has undergone training :

6. Male/Female :

7. Category (To be indicated with Tick mark) :

| Gen | SC | ST | OBC |
|---|---|---|---|
| | | | |

8. Trade :

9. Period of Training : From August....................................
 : To July.............................................

### DECLARATION

I do hereby declare that the information furnished above are true to the best of my knowledge and belief. I do understand that I have only six chances within a period of three years on completion of my training to appear for the test and also that I have to appear for all the subjects for which I have to get through.

I agree to attend the Trade Test at the centre allotted by the Director of Training.

Name & Signature of the Applicant.

## VERIFICATION REPORT

I hereby certify that the details furnished by the candidate are correct as per the office records. I declare that the candidate has acquired the required training from an affiliated unit and his period of training is found to be true and that he/she is a member of the group of trainees whose admission has been enclosed. I recommended his candidature.

The character & conduct of the trainee is.........................................

Details of remittance of fees
(Chalan in original to be attached with
the application).

: Chalan No. ............ :
Date :
Name of Treasury :
Amount :

Place :
Date :

Signature of the Principal

(Office Seal)

N.B.:- Clause 1 to 14 must be filled compulsorily. Otherwise the application will be rejected without further notice.

Directorate Verification :

| | Section | Senior Superintendent | Trade Test Officer |
|---|---|---|---|
| 1. Fee remitted : | | | |
| 2. Affiliation Status : | | | |
| 3. Number of Chances availed : | | | |

**Deputy Director of Training.**